39, 40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലും ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 19, 20, 21, 27, 33, 34, 36, 37, 40, 48, 49, 50, 51 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 26-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

VI റിപ്പോർട്ട് സമർപ്പണം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് 7 മണിക്ക് മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ഒരു ചടങ്ങുണ്ട്. സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന ജൈവ-കാർഷിക പദ്ധതി സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വിശദീകരണം നടത്തുന്നതാണ്. പ്രസ്തുത ചടങ്ങിൽ എല്ലാ നിയമസഭാ സാമാജികരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിൽ പങ്കെടുക്കുന്നതിന് എം.എൽ.എ. ഹോസ്റ്റലിൽ നിന്ന് വൈകുന്നേരം 6.45-നും തിരിച്ചുപോകുന്നതിനും വാഹനം ഏർപ്പാട് ചെയ്തിട്ടുണ്ട്.

VIII പ്രത്യേക പരാമർശം

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, അങ്ങ് ഇല്ലാതിരുന്ന സന്ദർഭത്തിൽ, പാനൽ ഓഫ് ചെയർമാൻ അദ്ധ്യക്ഷത വഹിച്ച അവസരത്തിൽ ഇവിടെ ഭരണകക്ഷിയിലെ ഒരംഗം അഴിമതിയെ സംബന്ധിച്ച് ഉന്നയിച്ച അതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതി അയച്ചിരുന്നു, സഭയിലെ അംഗങ്ങളടങ്ങുന്ന ഒരു അന്വേഷണ

LIBRARY ARCHIVES Kerala Legislative Assembly